# പതിമൂന്നാം കേരള നിയമസഭ
## രണ്ടാംസമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 243*** 11.10.2011 ൽ മറുപടിക്ക്

<u>റോഡ് നിർമ്മാണത്തിന് പ്രത്യേക കമ്പനി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. വി. രാജേഷ്<br>ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ.പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. എസ്. ശർമ്മ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡുകളുടെ നിർമ്മാണത്തിനും വികസനത്തിനുമായി പുതുതായി കമ്പനി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത കമ്പനിയുടെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തായിരിക്കും എന്ന് വിശദമാക്കാമോ ; മൂലധനം സ്വരൂ പിക്കുന്നത് എപ്രകാരമായിരിക്കും ; | (ബി) സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് ഹൈവേകളും എം.ഡി.ആർ-കളും ഉൾപ്പെടുന്ന 1000 കി.മീ റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ പുനർ നിർമ്മിക്കുവാൻ ഒരു സമഗ്ര പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുവാൻ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ 51% ഓഹരിയും കേരള റോഡ് ഫണ്ട് ബോർഡിന്റെ 49% ഓഹരിയുമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയായിട്ടാണ് സ്പെഷ്യൽ പർപ്പസ് |

വെഹിക്കിൾ രൂപീകരിക്കുന്നത്. പദ്ധതി നടത്തിപ്പിനായി ഏകദേശം 5100 കോടി രൂപയുടെ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നു. ഇതിൽ ഭൂമി ഏറ്റെടുക്കലിനുവേണ്ടി വരുന്ന 1000 കോടി രൂപ സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി നൽകേണ്ടിവരും. ബാക്കി തുക ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിൽ നിന്നുമുള്ള ദീർഘകാല വായ്പ, അടിസ്ഥാന സൗകര്യ വികസന ബോണ്ട്, പൊതു-സ്വകാര്യ പങ്കാളിത്തം മുതലായ മാർഗ്ഗങ്ങളിലൂടെ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇതിനായി വിദേശ സഹായം എന്തെങ്കിലും പ്രതീക്ഷിക്കുന്നുണ്ടോ; റോഡുകൾ തീരുമാനിക്കുന്നതിനുള്ള കൺസൾട്ടൻസി സ്ഥാപനത്തെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സ്ഥാപനത്തെ;

(സി) ഏകദേശം 2000 കോടി രൂപ ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്ക് മുതലായ സ്ഥാപനങ്ങളിൽ നിന്നും ദീർഘകാല വായ്പയായി സമാഹരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. റോഡുകൾ തിരഞ്ഞെടുക്കുന്നതിനുള്ള പഠനത്തിനായി ബാംഗ്ലൂർ ആസ്ഥാനമായുള്ള വിൽബർ സ്മിത്ത് അസോസിയേറ്റ്സ് എന്ന കൺസൾട്ടന്റിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഡി) ഇപ്പോൾ നടന്നു വരുന്ന റോഡ് നിർമ്മാണവികസന പ്രവർത്തനങ്ങൾ ഏത് രീതിയിൽ തുടരാനാണ് ഉദ്ദേശിക്കുന്നത് ?

(ഡി).ഇപ്പോൾ നടന്നു വരുന്ന റോഡു നിർമ്മാണ - വികസന പ്രവർത്തനങ്ങൾ മാറ്റമില്ലാതെ തന്നെ തുടരാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ